**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണവകുപ്പ്- ജീവനക്കാര്യം - കാസർഗോഡ് ജില്ലയിലെ പൈവള്ളികെ ഗ്രാ. പഞ്ചായത്തിൽ സീനിയർ ക്ലാർക്ക് ആയിരിക്കേ മരണമടഞ്ഞ നവീന ശങ്കര നായിക്കിന്റെ ഭാര്യയും ആശ്രിതയുമായ ശ്രീമതി വിനുത എൻ.എസ്.നായിക്കിന് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം തൊഴിൽ നൽകുന്നതിന് ആവശ്യമായ അപേക്ഷ സമർപ്പിക്കുന്നതിൽ നേരിട്ട കാലതാമസം മാപ്പാക്കി ഉത്തരവു പുറപ്പെടുവിക്കുന്നു

---

**തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്**

**സ.ഉ.(കൈ) നം.192/2018/തസ്വഭവ. തീയതി, തിരുവനന്തപുരം,26/12/2018**

---

പരാമർശം :
1) ജി.ഒ.(പി) നം. 12/99/പി & എ ആർ.ഡി തീയതി, 24/05/1999.
2) സർക്കുലർ നം 6678/ഉപ.സി2/2004/ഉ.ഭ.പ.വ തീയതി 18/05/2004
3) ശ്രീമതി വിനുത.എൻ.എസ് നായിക്കിന്റെ 09/01/2018 ലെ അപേക്ഷ.
4) സർക്കാറിന്റെ 11/05/2018 ലെ 118/ഇപിഎ 3/തസ്വഭവ നം കത്ത്.
5) പഞ്ചായത്ത് ഡയറക്ടറുടെ 15/10/2018-ലെ PAN/23981/2018-E14(DP) നം. കത്ത്.

**<u>ഉത്തരവ്</u>**

കാസർഗോഡ് ജില്ലയിലെ പൈവള്ളികെ ഗ്രാമ പഞ്ചായത്തിൽ സീനിയർ ക്ലാർക്ക് ആയിരിക്കേ മരണമടഞ്ഞ ശ്രീ. നവീന ശങ്കര നായിക്കിന്റെ ഭാര്യയു ആശ്രിതയുമായ ശ്രീമതി. വിനുത.എൻ.എസ് നായിക്ക് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം നിയമനം ലഭിക്കുന്നതിനായി പരാമർശം (3) പ്രകാരം പഞ്ചായത്ത് ഡയറക്ടർ മുഖേന അപേക്ഷ സമർപ്പിച്ചു.

കാസർഗോഡ് ജില്ലയിലെ പൈവള്ളികെ ഗ്രാമ പഞ്ചായത്തിൽ സീനിയർ ക്ലർക്കായിരിക്കെ 12.04.2015 ലാണ് നവീന ശങ്കര നായിക് മരണമടഞ്ഞത്. സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം നിയമനം ലഭിക്കുന്നതിനായി 09/01/2018 ലാണ് ശ്രീമതി വിനുത.എൻ.എസ് നായിക്ക് അപേക്ഷ സമർപ്പിച്ചത്. അപേക്ഷകയുടെ ജനനതീയതി 11.09.1975 ആണ്. അപേക്ഷ സമർപ്പിക്കുന്നതിന് ടിയാൾ 8 മാസവും 27 ദിവസവു കാലതാമസം വരുത്തിയിട്ടുണ്ട്.

പരാമർശം (1) ലെ സർക്കാർ ഉത്തരവിലെ ഖണ്ഡിക 19 പ്രകാരം സർക്കാ ഉദ്യോഗസ്ഥൻ മരണമടഞ്ഞ് 2 വർഷത്തിനകമോ അശ്രിതൻ മൈനറാണെങ്കിൽ പ്രാ

പൂർത്തിയായി 3 വർഷത്തിനകമോ സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരമുള്ള നിയമനത്തിനായി അപേക്ഷ സമർപ്പിക്കേണ്ടതാണ്. ടി വ്യവസ്ഥ പ്രകാരം അപേക്ഷ സമർപ്പിക്കുന്നതിൽ അപേക്ഷക 8 മാസവും 27 ദിവസവും കാലതാമസം വരുത്തിയിട്ടുണ്ട് ആശ്രിത നിയമനത്തിന് അപേക്ഷിക്കുന്നതിന് നിശ്ചിത സമയ പരിധിയുണ്ടെന്ന കാര്യ ഒമ്പതാം ക്ലാസ് സ്കൂൾ വിദ്യാഭ്യാസം മാത്രമുള്ള തനിക്ക് അറിയില്ലായിരുന്നുവെന്ന ഭർത്താവ് നഷ്ടപ്പെട്ടതിന്റെ മാനസിക ആഘാതവും കൊച്ചു കുട്ടികളടങ്ങുന്ന കുടുംബത്തെ സംരക്ഷിക്കുന്നതിനുള്ള ഉത്തരവാദിത്തവും നിമിത്തം യഥാസമയം അപേക്ഷ നൽകുന്നതിന കഴിഞ്ഞില്ലയെന്നും ആയതിനാൽ അപേക്ഷ നൽകുന്നതിന് ഉണ്ടായ കാലതാമസ മാപ്പാക്കി അപേക്ഷ പരിഗണിക്കണമെന്നും അഭ്യർത്ഥിച്ച് ശ്രീമതി വിനുത.എൻ.എസ നായിക്ക് 16/03/2018 ലെ മാപ്പ് അപേക്ഷ പ്രകാരം സർക്കാരിനോട് അപേക്ഷിച്ചിരുന്നു

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും സൂചന (2) പ്രകാരം ടിയാൾ സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം നിയമനത്തിനായി അപേക്ഷ സമർപ്പിക്കാനുണ്ടായ 8 മാസവും 27 ദിവസത്തിന്റെ കാലതാമസം മാനുഷിക പരിഗണന കണക്കിലെടുത്ത് ഒരു പ്രത്യേക കേസ്സായി പരിഗണിച്ച് മാപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാര

**എസ്. മോഹൻദാസ്**
**ഗവ. അഡീഷണൽ സെക്രട്ടറി**

ശ്രീമതി. വിനുത.എൻ.എസ് നായിക്ക് , സന്ദേശ, അടുക്കത്ത് ബയൽ,കാസറഗോഡ് പി.ഒ-671121. (രജിസ്റ്റേഡ് തപാൽ മുഖാന്തിരം)
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കാസറഗോഡ് (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)
സെക്രട്ടറി, പൈവള്ളികെ ഗ്രാമപഞ്ചായത്ത്, കാസറഗോഡ് (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)
ഡയറക്ടർ, ഐ.കെ.എം.(സർക്കാരിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്)
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്.(ഇപിഎ 3/118/18/തസ്വഭവ).

ഉത്തരവിൻപ്രകാര

സെക്ഷൻ ഓഫീസര